(സി) കേരളത്തിലെത്തുന്ന വിദേശ വിനോദ സഞ്ചാരികളുടെ സുരക്ഷ ലക്ഷ്യമാക്കി ടൂറിസം വകുപ്പ് പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസം പോലീസിനെ വിന്യസിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ബീച്ചുകളിലും ലൈഫ് ഗാർഡിന്റെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഇൻഫർമേഷൻ കൗണ്ടറുകൾവഴി ടൂറിസ്റ്റുകൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. കായൽ ടൂറിസത്തിന്റെ സുരക്ഷിതത്വത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ഒരു യോഗം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ലൈഫ് ഗാർഡിന്റെ സേവനം ആലപ്പുഴയിലും കുമരകത്തും ഉറപ്പുവരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

ടൂറിസം വകുപ്പിന്റെ സ്ഥാപനങ്ങൾ നിർത്തലാക്കുന്ന നടപടി

57 [1145] ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും സ്ഥാപനങ്ങൾ നിർത്തലാക്കാൻ ആലോചിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് നിർത്തലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(സി) ഇത്തരത്തിൽ സ്ഥാപനങ്ങൾ നിർത്തലാക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഡി) ടൂറിസം വകുപ്പിന്റെ സ്ഥാപനങ്ങൾ കൂടുതൽ ജീവനക്കാരെ നിയമിച്ച് ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി) ബാധകമല്ല

(സി) ബാധകമല്ല

(ഡി) ഇങ്ങനെയൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല

ടൂറിസം കേന്ദ്രങ്ങളിലെ ഉദ്യാനങ്ങൾ പരിപാലിക്കാൻ നടപടി

58 [1146] ശ്രീ. പി. കെ. അബ്ദുറബ്ബ് :
,, പി. കെ. കെ. ബാവ :
,, കളത്തിൽ അബ്ദുള്ള :
,, സി. മമ്മൂട്ടി :
,, കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ എല്ലായിടത്തും ഉദ്യാനങ്ങൾ വച്ചുപിടിപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവയുടെ പരിപാലനത്തിനുവേണ്ടി എത്ര തുകയാണ് പ്രതിവർഷം ചെലവിടുന്നത് ;

(സി) ഉദ്യാനങ്ങളുടെ പരിപാലനം ശരിയായ രീതിയിൽ നടക്കുന്നതിന് മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല

(ബി) പ്രത്യേകം തുക നീക്കിവച്ചിട്ടില്ല. ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസന പദ്ധതിയുടെ ഭാഗമായാണ് ഇത്തരം പണികൾ നടപ്പിലാക്കുന്നത്.

(സി) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഉദ്യാനം പരിപാലിക്കുന്നത് അതത് കേന്ദ്രങ്ങളുടെ ചുമതലയുള്ള സ്ഥാപനങ്ങളാണ്.

ടൂറിസ്റ്റ് കേന്ദ്രങ്ങളായി വികസിപ്പിക്കുന്ന നടപടി

59 [1147] ശ്രീ. എം. എം. ഹസൻ :
,, വർക്കല കഹാർ :
,, എം. എ. ചന്ദ്രശേഖരൻ :
,, കെ. ബാബു :
,, ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ തേക്ക് സംരക്ഷണ പ്രദേശവും പൈതൽ മലയും ടൂറിസ്റ്റ് കേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

1. നിലമ്പൂരിലും പരിസരപ്രദേശങ്ങളിലുമുള്ള ഇക്കോ ടൂറിസം പദ്ധതി—150.00 ലക്ഷം
2. ടൂറിസ്റ്റ് കോംപ്ലക്സ്, നിലമ്പൂർ—97.52 ലക്ഷം
3. പൈതൽമലയിൽ ടൂറിസം വികസനം—50.00 ലക്ഷം
4. പൈതൽമലയിൽ ടൂറിസ്റ്റ് കോംപ്ലക്സ്—154.00 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly